646
13/11/20

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - പ്രളയം 2018 - വയനാട് ജില്ലയിലെ ദുരിതബാധിതരുടെ പുനരധിവാസത്തിനായി സൗജന്യമായി ലഭിച്ച 22.5 സെന്റ് ഭൂമിയിൽ ജില്ലാ ഭരണകൂടത്തിന്റെ മേൽനോട്ടത്തിൽ നിർമ്മിതി കേന്ദ്രം മുഖേന പൂർത്തീകരിച്ച 5 വീടുകൾ സ്ഥലം ഉൾപ്പെടെ അർഹരായ ഗുണഭോക്താക്കളുടെ പേരിലേക്ക് രജിസ്റ്റർ ചെയ്ത് നൽകുന്നതിന് ആവശ്യമായി വരുന്ന രജിസ്ട്രേഷൻ ഫീസും എഴുത്ത് കൂലിയും മുദ്രവിലയും ജില്ലാ കളക്ടറുടെ പക്കൽ ഇപ്പോഴുള്ള പ്രളയ ദുരിതാശ്വാസനിധിയിൽ (സി.എം.ഡി.ആർ.എഫ്) നിന്നും ചെലവഴിക്കുന്നതിനും, ആവശ്യമായ തുക സൂചിപ്പിച്ച് പ്രൊപ്പോസൽ സമർപ്പിക്കുമ്പോൾ ആയത് അനുവദിക്കുന്നതിനും അനുമതി നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**റവന്യൂ (ഡിആർഎഫ്-ബി) വകുപ്പ്**

**ജി.ഒ. (എം.എസ്) നമ്പർ. 25/2020/റവ. തിരുവനന്തപുരം, തീയതി, 10.01.2020**

പരാമർശം : വയനാട് ജില്ലാ കളക്ടറുടെ 03.09.2019 തീയതിയിലെ DCWYD/871/2019/എച്ച് 1 നമ്പർ അർദ്ധ ഔദ്യോഗിക കത്ത്

**ഉത്തരവ്**

2018 ആഗസ്റ്റ് മാസത്തിൽ ഉണ്ടായ പ്രളയത്തിലെ വയനാട് ജില്ലയിലെ ദുരിതബാധിതരുടെ പുനരധിവാസത്തിനായി സൗജന്യമായി ലഭിച്ച 22.5 സെന്റ് ഭൂമിയിൽ ജില്ലാ ഭരണകൂടത്തിന്റെ മേൽനോട്ടത്തിൽ നിർമ്മിതി കേന്ദ്രം മുഖേന പൂർത്തീകരിച്ച 5 വീടുകൾ സ്ഥലം ഉൾപ്പെടെ അർഹരായ ഗുണഭോക്താക്കളുടെ പേരിലേക്ക് രജിസ്റ്റർ ചെയ്ത് നൽകുന്നതിന് ആവശ്യമായി വരുന്ന രജിസ്ട്രേഷൻ ഫീസും എഴുത്ത് കൂലിയും മുദ്രവിലയും ജില്ലാ കളക്ടറുടെ പക്കൽ ഇപ്പോഴുള്ള പ്രളയ ദുരിതാശ്വാസനിധിയിൽ (സി.എം.ഡി.ആർ.എഫ്) നിന്നും ചെലവഴിക്കുന്നതിന് അനുമതി നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു. ജില്ലാ കളക്ടറുടെ പ്രളയ ദുരിതാശ്വാസ നിധിയിൽ മതിയായ തുക നീക്കിയിരിപ്പില്ലെങ്കിൽ ആവശ്യമായ തുകയുള്ള പ്രൊപ്പോസൽ ജില്ലാ കളക്ടർ സമർപ്പിക്കുന്ന മുറയ്ക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും അനുവദിക്കുന്നതാണ്.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**

**ഡോ. വി.വേണു**
**പ്രിൻസിപ്പൽ സെക്രട്ടറി**

ജില്ലാ കളക്ടർ, വയനാട്
മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ ക്ക്
പൊതുഭരണ (എസ്. സി.) വകുപ്പ്
ധനകാര്യ (ഫണ്ട്സ് ) വകുപ്പ്
✓ഐ & പിആർ (വെബ് & ന്യൂ മീഡിയ) വകുപ്പ്
റവന്യൂ (ഡി.ആർ.എഫ് - എ & സി) വകുപ്പുകൾ
സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**